# 3. ആഫ്രിക്ക

വെള്ളക്കാരും കറുത്തവരും തമ്മിൽ ഇടകലരാതെ, അവരെ എന്നെന്നും അകററിനിർത്തുക എന്നതു് (അപ്പാർത്ത്ഹൈഡ്) അടിസ്ഥാനനയമായി അംഗീകരിച്ച തെക്കേ ആഫ്രിക്കയിലെ ന്യൂനപക്ഷ—വെള്ള ഭരണകൂടം ആ രാജ്യത്തിലെ ഭൂരിപക്ഷമായ കറുത്ത വർഗക്കാരെ കാൽച്ചവട്ടിൽ നിർത്തുന്നതിനു് അവലംബിക്കുന്ന മർദ്ദനമുറകളെപ്പററിയുള്ള വാർത്തകൾ ഇടയ്ക്കിടെ നമ്മുടെ പത്രങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ടു്. ശ്രീ രാജീവ് ഗാന്ധിയുടെ സന്ദർശനത്തെ തുടർന്നു് ബോട്സ്വാന, സിംബാബ്വേ, സാംബിയ എന്നീ അയൽരാജ്യങ്ങളിൽ തെക്കേ ആഫ്രിക്കയിലെ പട്ടാളം ആക്രമണങ്ങൾ നടത്തിയപ്പോൾ അതും ഇന്ത്യയിൽ വാർത്തയായി. ലിബിയയിലെ ഭരണാധികാരിയായ കേണൽ ഗദ്ദാഫിയുടെ പാർപ്പിടം ബോംബിട്ടു തകർത്തു് ഗദ്ദാഫിയെ കൊല്ലുന്നതിനു് അമേരിക്ക നടത്തിയ പരിശ്രമവും അതർഹിക്കുന്ന കുപ്രസിദ്ധി ഇന്ത്യയിൽ ആർജിക്കുകയുണ്ടായി. എന്നാൽ, ആഫ്രിക്കയെന്ന മഹാഭൂഖണ്ഡത്തെപ്പററി നമ്മുടെ പ്രചാരണമാധ്യമങ്ങൾ ഏറെക്കുറെ സ്ഥിരമായ ഉദാസീനതയാണു് അവലംബിക്കുന്നതു്. ഇതുനിമിത്തം ആഫ്രിക്കയിലെ വിഭിന്ന രാജ്യങ്ങളെപ്പററിയോ, അവയിൽ നിവസിക്കുന്ന സംസ്കാരത്തിൻെറ പല തലങ്ങളിലുള്ള, ജനവർഗങ്ങളെപ്പററിയോ, ദീർഘകാലത്തെ അടിമത്തത്തിനുശേഷം സ്വാതന്ത്ര്യവും നീതിപൂർവകവുമായ ഒരു സാമൂഹ്യ—വ്യവസ്ഥിതി പടുത്തുയർത്തുന്നതിനു് ഈ ജനവർഗങ്ങൾ നടത്തുന്ന ധീര—സാഹസിക പ്രവർത്തനങ്ങളെപ്പററിയോ അവരുടെ പുരോഗതിക്കു മുന്നിൽ വിലങ്ങടിച്ചുകിടക്കുന്ന വിഷമപ്രശ്നങ്ങളെപ്പററിയോ നമ്മുടെ അറിവു തുലോം പരിമിതമാകുന്നു.

പട്ടിണിയാണു് ആഫ്രിക്കയുടെ ഏററവും വലിയ നിർഭാഗ്യം. മെഡിററേനിയൻ കടൽത്തീരത്തുള്ള ഈജിപ്റ്റ്, ലിബിയ, അൽജീറിയ എന്നീ രാജ്യങ്ങൾക്കു താഴെ, എത്തിയോപ്പിയ, സുഡാൻ, ഛാഡ്, നൈജർ, മാലി എന്നീ രാജ്യങ്ങൾ (സഹാറ മരുഭൂമിക്കു തെക്കുവശത്താണു ഇവ) അനേക വർഷം നീണ്ടുനിന്ന വരൾച്ചയുടെ ഫലമായി കൊടുംപട്ടിണിയിൽ ആഴ്ന്നിരിക്കുന്നു. വിദേശങ്ങളിൽനിന്നു ലഭിക്കുന്ന ഭക്ഷ്യസഹായമാണു് ഇപ്പോൾ ഇവിടെ മനുഷ്യജീവൻ നിലനിർത്തുന്നതു്. ഇന്ത്യയിലെ മഹാനഗരങ്ങളിലെന്നപോലെ ഈ രാജ്യങ്ങളിലെ നഗരങ്ങളിലും, എല്ലും തോലും മാത്രമുള്ള കുട്ടികൾ കുപ്പകളിൽ ഭക്ഷ്യാവശിഷ്ടങ്ങളും കീറത്തുണികളും തിരഞ്ഞുകൊണ്ടിരിക്കുന്നതു് ഒരു സാധാരണ കാഴ്ചയാണു്.

പ്രകൃതിവിഭവങ്ങൾകൊണ്ടു സമൃദ്ധമാണു് തെക്കേ ആഫ്രിക്ക. നൈജീരിയയിൽ കടലിൽനിന്നു് എണ്ണ കിട്ടുന്നുണ്ടു്. യഥാസമയം ധാരാളം മഴ കിട്ടുന്ന പ്രദേശങ്ങളും ആഫ്രിക്കയിൽ ഇല്ലാതില്ല. ജലവൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യത പല ആഫ്രിക്കൻരാജ്യങ്ങളിലുമുണ്ടു്. എന്നാലും, ആ ഭൂഖണ്ഡത്തിലെ അധികം പ്രദേശങ്ങളും വരണ്ടുകിടക്കുകയാണു്. എത്ര നാടകീയമായ സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിച്ചാലും ആഫ്രിക്കയിൽ ഇന്നു നിലവിലുള്ളതും നാൾതോറും ഏറിവരുന്നതുമായ ദാരിദ്ര്യത്തെ വിവരിക്കാനാവില്ലെന്നു ലോകബാങ്കിൻെറ അദ്ധ്യക്ഷൻ മി. മാക്നമാറ കഴിഞ്ഞ നവംബറിൽ പ്രസ്താവിക്കുകയുണ്ടായി. 'ഇന്നലെയോളമെന്തെന്നറിഞ്ഞീല, ഇനി നാളെയുമെന്തെന്നറിഞ്ഞീല' എന്ന

താണ്, ഭക്ഷണത്തെ സംബന്ധിച്ചിടത്തോളം ആഫ്രിക്കയിലെ ജനകോടികളുടെ സ്ഥിതി. ഇതു നിമിത്തം ഏററവും കഷ്ടപ്പെടുന്നത്, സ്വാഭാവികമായും, കുട്ടികളാണ്.

1960 ആയപ്പോഴേക്ക്, നമീബിയ ഒഴികെ ആഫ്രിക്കയിലെ എല്ലാ രാജ്യങ്ങളും സ്വാതന്ത്ര്യം നേടിക്കഴിഞ്ഞിരുന്നു. ജനാധിപത്യത്തിന്റെ മാർഗങ്ങളിലൂടെ സാമ്പത്തികപുരോഗതിയിലേക്കു ജനങ്ങളെ നയിക്കുന്നതിനു കഴിവുള്ള അഭ്യസ്തവിദ്യർ, പക്ഷേ, മിക്ക ആഫ്രിക്കൻ രാജ്യങ്ങളിലും വളരെ കുറവായിരുന്നു.

സൗജന്യമായും വായ്പ അടിസ്ഥാനത്തിലും സാമ്പത്തികസഹായവും സാങ്കേതികസഹകരണവും പാശ്ചാത്യരാജ്യങ്ങൾ തങ്ങളുടെ മുൻ ആഫ്രിക്കൻ കോളനികൾക്കു നൽകുകയുണ്ടായി. ഐക്യരാഷ്ട്രസംഘടനയുടെ ഘടകങ്ങളും ചില പാശ്ചാത്യബാങ്കുകളും ഇത്തരം സഹായം നൽകിയവരിൽ ഉൾപ്പെടുന്നു. എന്നാൽ, ഈ സഹായം, മിക്കവാറും, ഉപയോഗപ്പെടാതെ പോവുകയാണുചെയ്തതു്. ദീർഘകാല വികസനത്തിനു് അതു് ഉതകിയില്ല. കാർഷികവ്യവസ്ഥിതിയേയും അടിസ്ഥാനവ്യവസായങ്ങളെയും ഈ സഹായം ശക്തിപ്പെടുത്തിയില്ല. ഈ സഹായത്തിൽ അധികവും സമർത്ഥന്മാർ കട്ടും വെട്ടിച്ചും കൈക്കലാക്കുകയും ചെയ്തു.

ഇന്നു് ആഫ്രിക്കൻ രാജ്യങ്ങൾക്കു് ആകെ ഏഴായിരത്തി എണ്ണൂററി നാല്പതുകോടി ഡോളർ വിദേശക്കടമുണ്ടു്. ഈ രാജ്യങ്ങളുടെ ആകെ കയററുമതിയുടെ നൂററെണ്പതു ശതമാനമാണ് ഇതു്. അതായതു് ഇന്നത്തെ തോതിൽ, വില ഒട്ടും കൈപ്പററാതെ, രണ്ടുവർഷം കയററുമതി നടത്തിയാൽ ഈ രാജ്യങ്ങൾക്കു വിദേശക്കടം അടച്ചുതീർക്കാൻ കഴിഞ്ഞേക്കും. ദരിദ്രരാജ്യങ്ങൾക്കു് ആകെയുള്ള വിദേശക്കടത്തിന്റെ പത്തു ശതമാനമാണു് ആഫ്രിക്കൻ രാജ്യങ്ങളുടെ വിദേശക്കടം.

വിദേശക്കടത്തിൽ മുങ്ങിപ്പോയവയാണു തെക്കേ അമേരിക്കയിലെയും ഏഷ്യയിലെയും പല രാജ്യങ്ങളും. എന്നാൽ, കടം ക്രമേണ അടച്ചുതീർക്കാനുള്ള കഴിവു് ആ രാജ്യങ്ങൾക്കുണ്ടു്. ആഫ്രിക്കൻരാജ്യങ്ങൾക്കു് ഈ കഴിവു തീരെയില്ല. അതിനാൽ, വികസനത്തിനു മാത്രമല്ല, അതാതു് ആണ്ടുകളിൽ അത്യാവശ്യമുള്ള ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനുകൂടി അനുപേക്ഷണീയമായ വിദേശസഹായം ആഫ്രിക്കൻരാജ്യങ്ങൾക്കു കിട്ടാതായിട്ടുണ്ടു്. അവയുടെ വർത്തമാനകാലം ഇരുണ്ടതാണു്. ഭാവിയിലാകട്ടെ ഇരുട്ടേ ഉള്ളൂ.

ഇന്ത്യയുടെയെന്നപോലെ ആഫ്രിക്കൻരാജ്യങ്ങളുടെയും മുമ്പിലുള്ള പരിഹാരമില്ലാത്ത പ്രശ്നം ജനസംഖ്യാസ്ഫോടനമാണു്. ഇനി പതിന്നാലുവർഷം കഴിഞ്ഞു്, ക്രിസ്തുവിനുശേഷമുള്ള മൂന്നാം സഹസ്രാബ്ദം ആരംഭിക്കുമ്പോൾ, കെനിയയിൽ ഇപ്പോഴുള്ള ജനസംഖ്യ ഇരട്ടിക്കുമെന്നാണു കണക്കാക്കപ്പെടുന്നതു്! പല ആഫ്രിക്കൻരാജ്യങ്ങളിലും സ്ഥിതി ഇതാണു്. പതിന്നാലു വർഷങ്ങളിൽ ജനസംഖ്യ ഇരട്ടിക്കുക.

ജനസംഖ്യ വർദ്ധിക്കുന്ന തോതിനു ഭക്ഷ്യോൽപാദനം കൂടുകയല്ല, കുറയുകയാണു് ആഫ്രിക്കയിലെ മിക്ക രാജ്യങ്ങളിലും. ഇരുപതു വർഷം മുമ്പു് ആഫ്രിക്കയിൽ ആകെ ഉല്പാദിപ്പിച്ചിരുന്നതിനേക്കാൾ കുറച്ചു ഭക്ഷണമേ ഇപ്പോൾ അവിടെ ഉല്പാദിപ്പിക്കുന്നുള്ളു. ഭക്ഷ്യോല്പാദനം വദ്ധിക്കുമെന്നതിന്റെ ഒരു ലക്ഷണവും ആഫ്രിക്കയിൽ കാണുന്നില്ലത്രേ. ഇതിനു് അപവാദമായി എടുത്തുകാട്ടാവുന്ന ഏകആഫ്രിക്കൻ രാജ്യം സിംബാബ്വേ ആണു്. ജനസംഖ്യ ചുരുക്കുന്നതിനു് ഊർജിതമായ ഒരു പരിപാടി സിംബാബ്വേ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. അടിസ്ഥാനവ്യവസായങ്ങളിൽ ഊന്നി, പരാശ്രയം കുറയ്ക്കുന്നതിനു

ദ്ദേശിച്ചുള്ള ഒന്നാണ് സിംബാബ്വേയിലെ സാമ്പത്തിക വികസന പരിപാടി. പക്ഷേ, സിംബാബ്വേ ഒററപ്പെട്ട ഒരു ഉദാഹരണം മാത്രമാണ്— 'പ്രത്യുദാഹരണം' എന്നുതന്നെ പറയാം. നിലനില്പിനു കൃഷിയെ ആശ്രയിക്കുന്ന മററ് എല്ലാ ആഫ്രിക്കൻ രാജ്യങ്ങളിലും 1970—ൽ ഉണ്ടായിരുന്നതിനേക്കാൾ ഏറെയാണ് ഇന്നു ദാരിദ്ര്യം. കൃഷിയുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ലെങ്കിൽ 1990 ആവുമ്പോഴേക്ക് ഈ ദാരിദ്ര്യത്തിൻെറ ആഴം ഇനിയും കൂടും. വരൾച്ചകൊണ്ടുണ്ടായതും, സഹാറയ്ക്കു തൊട്ടു തെക്കുള്ള രാജ്യങ്ങളിൽ ഇപ്പോൾ ഒതുങ്ങിനില്ക്കുന്നതുമായ ഭക്ഷ്യക്ഷാമം ഇനിയങ്ങോട്ട്, എല്ലാ ആഫ്രിക്കൻരാജ്യങ്ങളുടെയും നിത്യയോഗം ആയി മാറിക്കൂടെന്നില്ല.

ലോകകമ്പോളത്തിൽ പ്രാഥമിക പ്രകൃതിവിഭവങ്ങൾക്കു വില കുറഞ്ഞുവരുകയാണ്. ആഫ്രിക്കയിലെ മിക്ക രാജ്യങ്ങളും ഏതെങ്കിലും ഒരൊററ പ്രകൃതിവിഭവം കയററി അയച്ചാണു തങ്ങളുടെ വരുമാനത്തിൻെറ ഭൂരിഭാഗവും നേടുന്നത്. ഉദാഹരണത്തിന്, സാംബിയ ചെമ്പ് കയററി അയയ്ക്കുന്നു; ഛാഡ് പരുത്തിയും. പ്രകൃതിവിഭവങ്ങളുടെ വില ലോകകമ്പോളത്തിൽ കുത്തനെ ഇടിഞ്ഞതോടെ ആഫ്രിക്കൻരാജ്യങ്ങൾ കഷ്ടത്തിലായി. ഇതോടൊപ്പം അവ അടച്ചു തീർക്കേണ്ട കടപ്പലിശ വർദ്ധിച്ചു. അന്താരാഷ്ട്രീയ നാണയവിപണിയിലെ തിരിമറികൾമൂലം ആഫ്രിക്കൻ നാണയങ്ങളുടെ വില ഇടിഞ്ഞത് ഈ രാജ്യങ്ങളുടെ കടബാധ്യത പിന്നെയും പെരുകുന്നതിനു കാരണമായി. വികസനം ആഫ്രിക്കൻരാജ്യങ്ങളിൽ തീരെ നിലച്ചുപോയി.

അത്യന്തം ദുർബലമാണ് ആഫ്രിക്കൻ ജനാധിപത്യം. പല ആഫ്രിക്കൻരാജ്യങ്ങളിലും പട്ടാളഭരണമാണ്; ചിലതിൽ ഏകകക്ഷിഭരണവും. ചില രാജ്യങ്ങൾ ആഭ്യന്തരകലാപങ്ങളിലൂടെ കടന്നുപോവുകയാണ്. തങ്ങളുടെ സാമ്പത്തിക—സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇവിടങ്ങളിലെ സർക്കാരുകൾ പരാജയപ്പെട്ടിരിക്കുന്നു. അഴിമതി പലേടത്തും കൊടികുത്തിവാഴുന്നു. തട്ടിപ്പും വെട്ടിപ്പുംകൊണ്ടു നേടിയ കോടിക്കണക്കിനു പണം പല ഭരണാധികാരികളും— ഇവരിൽ പട്ടാളക്കാരും ഉദ്യോഗസ്ഥരും രാഷ്ട്രീയനേതാക്കളും ഉൾപ്പെടും—വിദേശബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുകയാണ്. പല വിദേശബാങ്കുകളും ഈ നിക്ഷേപങ്ങൾകൊണ്ടു തഴച്ചിരിക്കുന്നു. കരിഞ്ചന്ത ആഫ്രിക്കയിലെങ്ങും ഉണ്ട്. ചില സാധനങ്ങൾ കരിഞ്ചന്തയിലേ കിട്ടുകയുള്ളു എന്നും വന്നിരിക്കുന്നു. ഇതിനൊക്കെപ്പുറമെയാണ് അനാവൃഷ്ടിപോലെയുള്ള പ്രകൃതികോപങ്ങൾ.

ആഫ്രിക്കൻരാജ്യങ്ങളിൽ താരതമ്യേന മെച്ചപ്പെട്ട താൻസാനിയയുടെ ഉദാഹരണമെടുക്കുക. ആഫ്രിക്കൻ സാമൂഹ്യമൂല്യങ്ങളിൽ വേരോടിയ സോഷ്യലിസം നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധനായ പ്രസിഡണ്ട് ജൂലിയസ് ന്യേരേരേയുടെ പ്രവർത്തനങ്ങൾ താൻസാനിയയുടെ സാമ്പത്തികപ്രശ്നങ്ങൾ കുഴപ്പിക്കാനേ ഉതകിയിട്ടുള്ളു എന്നാണു പാശ്ചാത്യനിരീക്ഷകരുടെ അഭിപ്രായം. 'സീസൽ' എന്ന കൈതയുടെ നാര് അസംസ്കൃതവസ്തുവായി ഉപയോഗപ്പെടുത്തി കയറും ചാക്കും മററും നിർമിച്ചു കയററി അയച്ചു വിദേശനാണ്യം നേടുന്ന വ്യവസായമായിരുന്നു താൻസാനിയയുടെ സമൃദ്ധിക്കു നിദാനം. ന്യേരേരേ ഈ വ്യവസായം ദേശസാൽക്കരിച്ചു. താമസിയാതെ കെടുകാര്യസ്ഥതമൂലം താൻസാനിയയിലെ സീസൽതോട്ടങ്ങൾ തകർന്നു. താൻസാനിയയിലെ നിർബന്ധധാന്യസംഭരണവും റേഷണിങ്ങും, ഭരണസംവിധാനത്തിൻെറ കഴിവുകേടു നിമിത്തം നാട്ടിലെങ്ങും കരിഞ്ചന്ത തഴച്ചുവളരുന്നതിനു കാരണമായിത്തീർന്നു. ഇപ്പോൾ അരി, പച്ചക്കറി, ഭക്ഷ്യ എണ്ണ, ചെരു

പ്പ് മുതലായ അത്യാവശ്യവസ്തുക്കൾക്കുകൂടി താൻസാനിയയിൽ എടുത്താൽപ്പൊന്താത്ത വിലയാണ്. കഷ്കർ തങ്ങളുടെ ഉല്പാദനങ്ങൾ കരിഞ്ചന്തക്കാർക്കേ വില്ക്കൂ എന്ന നില അവിടെ വന്നിരിക്കുന്നു. സക്കാരിനു വിററാൽ, ഒന്നുകിൽ വില കിട്ടില്ല; അല്ലെങ്കിൽ നിസ്സാര വിലയേ കിട്ടൂ. സർക്കാരിനു കാപ്പിക്കുരു വിററു വിലകിട്ടാതെ വിഷമിച്ച ചെറുകിടകർഷകർ കാപ്പിച്ചെടികൾ പറിച്ചുകളഞ്ഞ് ആ സ്ഥലത്തു തക്കാളിക്കൃഷിചെയ്യുകയാണത്രേ. തക്കാളിക്കു കരിഞ്ചന്തയിൽ നല്ല വില കിട്ടും!

ധാരാളം വിദേശസഹായം ലഭിച്ച ഒരു രാജ്യമാണ് താൻസാനിയ. പക്ഷേ, ഈ സഹായം പലപ്പോഴും യാഥാർത്ഥ്യബോധമില്ലാതെയാണ് ഉപയോഗിക്കപ്പെട്ടതു്. പതിമ്മൂന്നുകോടി ഡോളർ ചെലവഴിച്ച് താൻസാനിയ ഒരു കടലാസ്മിൽ നിർമിച്ചിട്ടുണ്ട്. ഇതിൽ പ്രതിവർഷം എഴുപതിനായിരം ടൺ കടലാസ്സുണ്ടാക്കാം; അതുവഴി ആണ്ടുതോറും രണ്ടുകോടി ഡോളർ വിദേശനാണ്യം ലാഭിക്കുകയുംചെയ്യാം. പക്ഷേ, ഉല്പാദനം തുടങ്ങി ആറുമാസമായപ്പോഴേക്ക് ഈ മിൽ പൂട്ടിയിടേണ്ടി വന്നു. വിദ്യുച്ഛക്തിയുടെ ഭീമമായ വിലനിമിത്തം കടലാസ്സിനു ലോകമാർക്കററിലെ വിലയുടെ രണ്ടര ഇരട്ടിയിലധികം ഉല്പാദനച്ചെലവു വരുമ്പോൾ, ആരാണ് അത്രയും ഉയർന്ന വിലകൊടുത്ത് ഈ കടലാസ് വാങ്ങുക?

ഉള്ള സാമ്പത്തികാനുകൂല്യങ്ങൾ ദുരുപയോഗപ്പെടുത്തുന്നതിന്റെ മറെറാരു ഉദാഹരണമാണ് നൈജീരിയ. നൈജീരിയയുടെ തീരക്കടലിൽ വൻതോതിൽ എണ്ണനിക്ഷേപം കണ്ടെത്തി. 1981 ആയപ്പോഴേക്ക് എണ്ണ വിററു പതിനായിരം കോടിയിലേറെ ഡോളർ നൈജീരിയ നേടി. അതോടെ, ലക്ഷക്കണക്കിനു നൈജീരിയൻ കൃഷിക്കാർ കൃഷി ഉപേക്ഷിച്ച് എണ്ണസമ്പത്ത് അന്വേഷിച്ചു ഗ്രാമങ്ങളിൽനിന്നു നഗരങ്ങളിലേക്കു നീങ്ങിക്കഴിഞ്ഞിരുന്നു. ഇതിൻ ഫലമായി കൃഷി തകന്നു. അരി അടക്കം ഭക്ഷ്യധാന്യങ്ങൾ വലിയ തോതിൽ നൈജീരിയയിൽ ഇപ്പോൾ ഇറക്കുമതിചെയ്യുന്നുണ്ട്. നൈജീരിയക്കാർ അരി ഭക്ഷിക്കാൻ പഠിച്ചതു് അങ്ങനെയാണ്!

ഘാനപോലെ ചില ആഫ്രിക്കൻ രാജ്യങ്ങൾ സാമ്പത്തികത്തകർച്ചയിൽനിന്നു കരകയറാൻ ക്ഷമാപൂർവം പരിശ്രമിച്ചുവരുന്നുണ്ട്. പക്ഷേ, വൻതോതിൽ വിദേശസഹായം ലഭിച്ചാലേ ഈ പരിശ്രമങ്ങൾ സഫലങ്ങളാവുകയുള്ളു. വിദേശസഹായം, പിന്നെപ്പിന്നെ, ദുർലഭമായിവരികയുമാണ്.

ജനസംഖ്യാസ്ഫോടനം, ഭരണത്തിലെ അഴിമതി, ആഭ്യന്തര സംഘർഷങ്ങൾ, സാമ്പത്തികമാന്ദ്യം, കാലാവസ്ഥയുടെ പ്രാതികൂല്യം—ആഫ്രിക്കയെ നേരിടുന്ന പ്രശ്നങ്ങൾക്ക് അവസാനമില്ല.

ആഫ്രിക്കയെപ്പററി ഇന്ത്യക്കാരായ നാം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. മനുഷ്യവർഗം ഉദ്ഭവിച്ചതു് ആഫ്രിക്കയിലാണെന്നു കരുതുന്നവർ കുറവല്ല. ദാരിദ്ര്യത്തിനും അനീതിക്കുമെതിരായി മനുഷ്യവർഗ്ഗം നടത്തുന്ന അവസാനത്തെ യുദ്ധങ്ങളുടെ രംഗവും ആഫ്രിക്ക ആയിക്കൂടായ്കയില്ല.

ആഫ്രിക്കയുടെ പല പ്രശ്നങ്ങളും നമ്മുടെയും പ്രശ്നങ്ങൾകൂടിയാണ്.

(ആധാരം: ന്യൂയോർക്ക് ടൈംസിലെ ഒരു ലേഖനം)

(13, ജൂൺ 1986)